രാസവളങ്ങൾക്ക് നൽകുന്ന സബ്സിഡിക്ക് നികുതി ചുമത്താൻ നിർദ്ദേശം

17 [2174] ശ്രീ. ടി. എച്ച്. മുസ്തഫ:
,, പി. പി. തങ്കച്ചൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
ശ്രീമതി റോസമ്മ ചാക്കോ:
ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്. എ. സി. ററി.-യുടെ രാസവളങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡിക്ക് നികുതി ചുമത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഈ ഇനത്തിൽ ഓരോ വർഷവും എന്തു തുക ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) യും (ബി) യും 1978-79, 1979-80 എന്നീ വർഷങ്ങളിൽ എഫ്.എ.സി.ററി.-ക്ക് കേന്ദ്ര സർക്കാരിൽ നിന്നു സബ്സിഡിയായി ലഭിച്ച തുക വിറ്റുവരവിൽ ചേർക്കണമോ എന്ന് ബോർഡ് ഓഫ് റവന്യൂവിൽനിന്ന് നിർദ്ദേശം ആരാഞ്ഞപ്പോൾ അനുബന്ധമായി ചേർത്ത കത്ത് നൽകിയിട്ടുണ്ട്.†

(സി) 1978-79-ൽ 31,97,260 രൂപയും 1979-80-ൽ 1,03,75,574 രൂപയും ആണ് നികുതിയായി ഈ ഇനത്തിൽ വരുന്നത്.

കുമളിയിലെ ഏലയ്ക്കാ ലേലകേന്ദ്രം തമിഴ്നാട്ടിലേയ്ക്ക് മാറ്റുവാൻ നീക്കം

18 [2175] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമളിയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ഏലത്തിന്റെ ലേലകേന്ദ്രം തമിഴ്നാട്ടിലേയ്ക്ക് മാറ്റുവാൻ നടത്തുന്ന നീക്കം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏലയ്ക്കാ ലേലകേന്ദ്രം കുമളിയിൽനിന്നും മാറ്റാതിരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) കുമളി ഏലയ്ക്കാ ലേലകേന്ദ്രത്തിൽ നിന്നും ഒരു വർഷം ശരാശരി നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന തുക എത്ര?

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കുമളിയിലെ ഏലയ്ക്കാ ലേലകേന്ദ്രം നിലനിർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) യും (സി) യും ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1988-89-ൽ 1,19,98,758 രൂപയും 1989-90-ൽ 25,15,537 രൂപയും ലഭിച്ചു. 1990-91-ലെ കണക്കുകൾ ഉടൻ ലഭ്യമല്ല.

(ഇ) ഇക്കാര്യത്തിൽ വേണ്ട അന്വേഷണം നടത്തി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരസ്യങ്ങൾ

19 [2176] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രങ്ങൾക്ക് പരസ്യം നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര പരസ്യങ്ങൾ 1990-91-ൽ വീക്ഷണം, ദേശാഭിമാനി, മാതൃഭൂമി, മലയാളമനോരമ, കേരള കൗമുദി എന്നീ പത്രങ്ങൾക്ക് നൽകി; ടെൻഡർ പരസ്യങ്ങൾ എത്ര; അല്ലാത്തവ എത്ര; ഓരോ പത്രത്തിനും നൽകിയ പരസ്യങ്ങളുടെ എണ്ണം എത്ര; ഓരോ പത്രത്തിനും നൽകിയ തുക എത്ര;

(സി) ഏതെല്ലാം മലയാള പത്രങ്ങൾക്ക് പരസ്യം നൽകിയില്ല; കാരണം എന്ത്?

ഉത്തരം

(എ, ബി, സി) തൽക്കാലം ലഭ്യമല്ല.

ദേവസ്വം ബോർഡിന് നൽകിവരുന്ന ഗ്രാന്റ്

20 [2177] ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ:
,, കെ. പി. വിശ്വനാഥൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
ശ്രീമതി എം. ടി. പത്മ:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി ഇപ്പോൾ എന്തു തുകയാണ് ഗവൺമെന്റിൽ നിന്നും ഗ്രാന്റ് കൊടുക്കുന്നത്;

(ബി) ഈ തുക എന്നു നിർണ്ണയിച്ചതാണ്;

(സി) ഈ തുക വർദ്ധിപ്പിച്ചുകൊടുക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly